Email : Keralarcs.coop@kerala.gov.in
Website : www.cooperation.kerala.gov.in
Fax : 0471-2331513, 0471-2331136

നം. സി.ബി(1)31911/2011

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി: 20.12.2013

## സർക്കുലർ നമ്പർ-79/13

വിഷയം:- സഹകരണ വകുപ്പ് സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ സ്വീകരിക്കുന്ന നിക്ഷേപം- മുതിർന്ന പൗരൻമാർക്ക് ഉയർന്ന നിരക്ക് നൽകുന്നത്- പ്രായപരിധി കർശനമായി പാലിക്കുന്നതു സംബന്ധിച്ച്.

സൂചന:- സഹകരണസംഘം രജിസ്ട്രാറുടെ 17.02.2004 ലെ 7/04 നം സർക്കുലർ.

സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളും, ബാങ്കുകളും സ്വീകരിക്കുന്ന നിക്ഷേപങ്ങൾക്ക് നൽകാവുന്ന പരമാവധി പലിശ നിരക്ക് നിശ്ചയിച്ചു കൊണ്ട് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു വരുന്നു. ഇപ്രകാരമുള്ള നിക്ഷേപങ്ങളിൽ മുതിർന്ന പൗരൻമാർക്കുള്ള നിക്ഷേപങ്ങൾക്ക് 0.50% (അരശതമാനം) അധികം പലിശ നൽകുന്നതിനും, ടി സർക്കുലറിൽ നിർദ്ദേശിക്കാറുണ്ട്. അഖിലേന്ത്യാതലത്തിൽ 60 വയസ് കഴിഞ്ഞവരെയാണ് സീനിയർ സിറ്റിസൺ ആയി കണക്കാക്കുന്നത് എന്നതിനാൽ സംസ്ഥാനത്ത് സഹകരണ മേഖലയിലും 60 വയസ്സ് പൂർത്തിയായവരെയാണ് സീനിയർ സിറ്റിസൺ ആയി കണക്കാക്കേണ്ടത് എന്ന് സൂചന പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ ചില സഹകരണ സംഘങ്ങൾ യാതൊരു മാനദണ്ഡവുമില്ലാതെ 50 വയസ്സിന് മുകളിലുള്ളവർക്ക് പോലും സീനിയർ സിറ്റിസൺ എന്ന പേരിൽ അധിക പലിശ നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ നിക്ഷേപകർക്ക്, മുതിർന്ന പൗരനുള്ള പലിശ വർദ്ധനവ് നൽകുന്നതിന് 60 വയസ്സ് അടിസ്ഥാനയോഗ്യതയായി കണക്കിലെടുക്കേണ്ടതാണ്. ഡ്രൈവിംഗ് ലൈസൻസ്, പാൻകാർഡ്, തുടങ്ങി ജനന തീയതി രേഖപ്പെടുത്തിയിട്ടുള്ള ആധികാരികമായ രേഖകൾ ഇതിലേക്കായി തെളിവിന് സ്വീകരിക്കേണ്ടതാണ്. പ്രായം കണക്കാക്കുന്നതിന് അടിസ്ഥാനമാക്കിയ രേഖയുടെ പകർപ്പ് സംഘത്തിൽ സൂക്ഷിക്കേണ്ടതും, വകുപ്പ് ഉദ്യോഗസ്ഥർ പരിശോധനയ്ക്ക് ആവശ്യപ്പെടുമ്പോൾ നൽകേണ്ടതുമാണ്. 60 വയസ്സ് പൂർത്തീയാക്കിയ നിക്ഷേപകരുടെ നിക്ഷേപങ്ങൾക്കു മാത്രമേ മുതിർന്ന പൗരൻമാർക്കു നൽകുന്ന പലിശ വർദ്ധനവ് നൽകുന്നുള്ളൂ എന്ന് അതാതു ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർ, അസിസ്റ്റന്റ് രജിസ്ട്രാർമാർ,

യൂണിറ്റ് ഇൻസ്പെക്ടർമാർ, ആഡിറ്റ് വിഭാഗം ജോയിന്റ് ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർമാർ, ആഡിറ്റർമാർ എന്നിവർ ഉറപ്പാക്കേണ്ടതും, നിർദ്ദേശത്തിന് വിരുദ്ധമായി പലിശ നൽകുന്നുണ്ടെങ്കിൽ ആഡിറ്റിൽ അപ്രകാരം നൽകിയ തുക തടയുകയും, തത്തുല്യമായ തുക റിസർവ് വെയ്ക്കുകയും ചെയ്യേണ്ടതാണ്. കൂടാതെ ആകസ്മിക പരിശോധനയിലും, വിശദപരിശോധനയിലും ഡിപ്പാർട്ട്മെന്റിലെ യൂണിറ്റ് ഇൻസ്പെക്ടർമാരും, മറ്റു ഉയർന്ന ഉദ്യോഗസ്ഥരും പ്രസ്തുത ക്രമക്കേട് കണ്ടെത്തുകയാണെങ്കിൽ ഇത്തരത്തിൽ സംഘത്തിനുണ്ടാകുന്ന നഷ്ടം കണക്കാക്കി സംഘം ധനത്തിന്റെ ശോഷണത്തിന് കാരണക്കാരിൽ നിന്ന് തുക ഈടാക്കുന്നതിന് കേരള സഹകരണ സംഘം നിയമം/ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഒപ്പ്/-

കെ.ഗോപാലകൃഷ്ണ ഭട്ട്,ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്:-

1) രജിസ്ട്രാർ, കേരള ഹൈക്കോടതി-ഉപരിപത്രം സഹിതം, എറണാകുളം.
2) സെക്രട്ടറി, കേരള നിയമസഭ-ഉപരിപത്രം സഹിതം.
3) മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്,തിരുവനന്തപുരം.
4) പ്രസിഡന്റ്/ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും.
5) എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും.
6) എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്)മാർക്കും.
7) ജോയിന്റ് ഡയറക്ടർ/സമകാലീന ആഡിറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്കും, ജില്ലാ സഹകരണ ബാങ്കുകളും.
8) എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും (ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മുഖേന)
9) എല്ലാ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്)മാർക്കും (ജില്ലാ ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മുഖേന)
10) എല്ലാ പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, സർവ്വീസ് സഹകരണ ബാങ്കുകൾ (ജോയിന്റ് രജിസ്ട്രാർ(ജനറൽ)മുഖേന)
11) ചീഫ് ജനറൽ മാനേജർ, നബാർഡ് കേരള റീജിണൽ ആഫീസ്,തിരുവനന്തപുരം
12) സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ,തിരുവനന്തപുരം.
13) സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്.
14) സഹകരണ ആഡിറ്റ് ഡയറക്ടർ, ആഡിറ്റ് ഡയറക്ടറുടെ കാര്യാലയം, തിരുവന്തപുരം
15) സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ-എല്ലാ ആഫീ സർമാർക്കും/സെക്ഷൻ സൂപ്രണ്ടുമാർക്കും.
16) എഡിറ്റർ, സഹകരണ വീഥി
17) സ്റ്റോക്ക് ഫയൽ/ സ്പെയർ
18) വെബ്സൈറ്റ്.